# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം**      **12-7-2011-ൽ മറുപടിക്ക്**

**നമ്പർ: T.1243**

### യുദ്ധത്തിലും സമാന സാഹചര്യങ്ങളിലും മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മാതൃഭൂമിയുടെ സംരക്ഷണത്തിനുവേണ്ടിയും തീവ്രവാദി/ ഭീകരവാദി ഏറ്റുമുട്ടലുകളിലും ജീവൻ ബലിയർപ്പിക്കേണ്ടിവന്ന യോദ്ധാക്കളുടെ ആശ്രിതർക്കും, അംഗഭംഗം സംഭവിച്ച് നാട്ടിൽ തിരിച്ചെത്തിയ വിമുക്തഭടൻമാർക്കും സർക്കാർ ജോലി നൽകി സംരക്ഷിക്കുന്നതിന് ഇപ്പോൾ പദ്ധതികൾ നിലവിലുണ്ടോ; | (എ) മാതൃഭൂമിയുടെ സംരക്ഷണത്തിനായി യുദ്ധത്തിലും സമാനസാഹചര്യങ്ങളിലും മരണമടഞ്ഞതും അംഗവൈകല്യം സംഭവിച്ചതുമായ യോദ്ധാക്കളുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകി സംരക്ഷിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ട്. 29/4/2002 ലെ G.O(P) 110/ 02/ GAD നമ്പരായുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് യുദ്ധത്തിലോ, യുദ്ധസമാന സാഹചര്യങ്ങളിലോ കൊല്ലപ്പെടുകയോ, കാണാതാവുകയോ അംഗഭംഗം സംഭവിക്കുകയോ ചെയ്യുന്ന പട്ടാളക്കാരുടെയും മിലിട്ടറി ഡ്യൂട്ടിയിൽ ഏർപ്പെടുത്തിയിട്ടുള്ള GREF/BSF ജവാൻമാരുടെയും ആശ്രിതർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം നൽകി വരുന്നത്. |
| (ബി) ഇല്ലെങ്കിൽ ഇവരുടെ കുടുംബം സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ജോലി നൽകുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ? | (ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ